## LEGISLATIVE BUSINESS.

### THE TRAVANCORE COMPENSATION FOR IMPROVEMENTS BILL CONSIDERATION OF.

**Mr. N. Ramakrishna Pillai** (*Vaikom* cum *Shertalla*). Sir, I beg to move that the Travancore Compensation for Improvements Bill as passed by the Sri Mulam Assembly be taken up for consideration.

**Mr. K. Rama Varma Raja** (*Edavagai*): I second it.

**Mr. J. John Kattakayam** ; സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. ഈ ബില്ലിന്റെ ഒരു മലയാളംപ്രതി എനിക്കു ആദ്യമെ തന്നിട്ടുണ്ട്. അതിനുശേഷം വന്ന അമൻഡുമെൻഡുകളുടെ തർജ്ജിമ ഇതുവരെ എനിക്കു കിട്ടിയിട്ടില്ല. ഇംഗ്ലീഷ് അറിയാൻപാടില്ലാത്ത മെമ്പർമാക്കു ബില്ലിന്റെ പ്രതി മലയാളത്തിൽ കൊടുക്കണമെന്നു നിയമത്തിൽ തന്നെയുണ്ട്.

**President**: What is the exact objection of the honourable member? I cannot follow.

**Mr. J. John Kattakayam** : അമൻഡുമെൻറിന്റെ കാപ്പി മലയാളത്തിൽ കിട്ടിയിട്ടില്ല. മലയാളംമാത്രം അറിയാവുന്ന മെമ്പർമാക്കു അമൻഡുമെൻഡുകൾ മലയാളത്തിൽ കൊടുക്കണമെന്നു വ്യവസ്ഥയുണ്ട്.

**President**: Where is that laid down? Quote chapter and verse in support of your contention.

**Mr. J. John Kattakayam** : സ്റ്റാൻറിങ്ങ് ആർഡർ ഫാ ഠ പേജ് നമ്പർ.

**President**: If any member is unacquainted with English the Secretary shall also, if the President so directs, cause every notice to be translated into Malayalam or Tamil as the case may be, for his use. The President has got to give the direction and the President will not give the direction *suo motu*. There was no request from any member in this case that the amendment circulated should be translated into Tamil, or Malayalam, or Telugu, or Canarese, or anything like that. Therefore no translation was supplied to any special member.

**Mr. J. John Kattakayam**: സാർ,

**President**: Do you object to the consideration of the Bill?

LIBRARY ARCHIVES Kerala Legislative Assembly

**Mr. J. John Kattakayam :** ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. തിരുവിതാംകൂറിൽ സമീപകാലത്തു പല ബില്ലുകളുമുണ്ടായിട്ടുണ്ടെങ്കിലും ഇതുപോലെ പൊതുജനങ്ങളുടെ അവജ്ഞക്കും അവഹേളനക്കുംപാത്രവും പ്രക്ഷോഭജനകവും ആയ ഒരു ബില്ലും ഉണ്ടായിട്ടില്ലെന്നു നിസംശയം പറയാം. എന്റെ നിയോജനമണ്ഡലത്തിൽ തന്നെയും തിരുവിതാംകൂറിലുള്ള മറെറല്ലാ ഭാഗങ്ങളിലും ഇതിനെപ്പററിയുള്ള പ്രതിഷേധം നിരന്തരമായും നിരങ്കുശമായും നടന്നുകൊണ്ടിരിക്കുന്നു. സാമ്പത്തികാധഃപതനംകൊണ്ടു കർഷകജനത്തി വളരെവിഷമിച്ചിരിക്കുന്ന ഈ അവസരത്തിൽ സാധുക്കളായ കൃഷിക്കാരെ അവർ താമസിക്കുന്നസ്ഥലത്തുനിന്നും അടിച്ചു പുറത്താക്കുന്നതു് അതിഭയങ്കരമായ ഒരു സംഗതിയാകുന്നു. ഞാൻ ഈ ബില്ലിനെ പ്രതിഷേധിച്ചു പറയുന്നതുകൊണ്ടു് ഒരു ദോഹദ്ധാരനാണെന്നു വിചാരിക്കരുതു്. ൧൦൦ ഏക്കർ സ്ഥലം സാധുക്കൾക്കു ഞാൻ കൊടുത്തിരിക്കുന്നു. സർക്കാരിലേക്കു കൊടുക്കുവാനുള്ള നികുതിപോലും അവർ തരുന്നില്ല. അവരെ വേണമെങ്കിൽ എനിക്കു പുറത്താക്കുവാൻ കഴിയും, എന്നാൽ സമസ്യഷ്ടിസ്നേഹംകൊണ്ടു അതു ഞാൻ ചെയ്തിട്ടില്ല, ചെയ്യുകയും ഇല്ല. സാധുക്കളെ അവരുടെ താമസസ്ഥലത്തുനിന്നും ഇറക്കിവിടുന്നതു് എന്തൊരു പൈശാചികമനഃസ്ഥിതിയാണു്? ഇതിനെ ഉൻമൂലനം ചെയ്യുവാൻ ഞാൻ എന്റെ ശക്ത്യാനുസരണം പ്രവത്തിച്ചിട്ടുണ്ടു്. സാധുക്കളുടെ പ്രയത്നഫലം അപഹരിക്കുന്നതിനുവേണ്ടി ചുരുക്കം ചില ജന്മിമാരുടെയും മറെറ ചിലരുടേയും സ്വത്ഥലാഭത്തിനുള്ള ഒരു ബില്ലാണിതെന്നാണു ഞാൻ വിചാരിക്കുന്നതു്. ഈ ബില്ലിനെ പ്രതിഷേധിക്കുവാൻ എത്ര പൊതുയോഗങ്ങളാണു് ഉണ്ടായിക്കൊണ്ടിരിക്കുന്നതു്? ഞാൻ ഈ കൗൺസിലിൽ വന്നപ്പോൾ ഇതിനെ സംബന്ധിച്ചു് അനേകം കത്തുകളും അഭ്യർത്ഥനകളും മെമ്മോറിയലുകളും എനിക്കു കിട്ടിയിട്ടുണ്ടു്. "അവിടുന്നു ദയവായി ഈ വിവരം ഗവൺമെൻറിനെയും ഇൻഡ്യയിലെ പ്രസിദ്ധരാജ്യതന്ത്രകുശലനായ ബഹുമാനപ്പെട്ട ദിവാൻജിഅവർകളെയും അറിയിച്ചു് ഞങ്ങളുടെ സങ്കടത്തിനു പരിഹാരമുണ്ടാക്കിത്തരണം; അല്ലെങ്കിൽ തിരുമനസ്സറിയിച്ചെങ്കിലും ഞങ്ങളുടെ സങ്കടപരിഹാരം വരുത്തണേ" എന്നാണു് അവർ എന്നോടു പറഞ്ഞയച്ചതു്. അക്ഷരജ്ഞാനംപോലുമില്ലാത്ത എന്റെ താലൂക്കു നിവാസികളും എന്നെ അറിയാവുന്ന അതിനു സമീപമുള്ള ജനങ്ങളും എന്നെ ഈ സംഗതിയിൽ അലട്ടിക്കൊണ്ടിരിക്കുന്നു. ആ സാധുക്കളോടു അനുകമ്പാപൂർവമായി പെരുമാറേണ്ടതാണു്. ഈ ബില്ലിനെക്കുറിച്ചു ചിലകാര്യങ്ങൾ പറയുന്നതു് അവസരോചിതമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

സർ, തിരുവിതാംകൂർ ദേഹണ്ഡവിലനിർണ്ണയബിൽ എന്നാണിതിനു പേർ. ഇതിൽ എല്ലാ ഭാഗങ്ങളും കർഷകനു ഒരുപോലെ ദോഷകരമാണു്. കർഷകനു ദേഹണ്ഡവില ഒട്ടും കൊടുക്കാതെ അവനെ വഴിയാധാരമാക്കണമെങ്കിൽ ഇങ്ങിനെ ഒരുബിൽ അത്യാവശ്യംതന്നെ. കമ്മീഷണർ കൈക്കൂലിവാങ്ങിയതിനു ഒരുപരിഹാരമുണ്ടാക്കുവാൻ ഈ ബിൽ പര്യാപ്തമാണെപോലും.

**Mr. Kayalam Parameswaran Pillai** (*Additional Head-Sirkar Vakil*) : അങ്ങിനെ ഏതു വകുപ്പിലാണു പറയുന്നതു്?

**Mr. J. John Kattakayam :** വകുപ്പു ഏതാണെന്നു് പണ്ഡിതനായ വാമൊബക്കു എന്നെക്കാൾ കൂടുതൽ അറിയാം.

**Mr. Kayalam Parameswaran Pillai :** അങ്ങിനെ ഒരു വകുപ്പില്ല.

**President :** Is there no provision about it?

**Mr. Kayalam Parameswaran Pillai :** There is no provision, Sir.

**Mr. E. P Varghese :** Most probably he is referring to the statement of objects and reasons.

**President :** Please go on Mr. Kattakayam.

**Mr. J. John Kattakayam :** കൈക്കൂലിയെ കുറക്കുന്നതിനായി അസസ്സർമാരെ വക്കുന്നതിനു ഒരു വകുപ്പു് ഈ ബില്ലിൽ കാണുന്നു. കമ്മീഷണർമാരെ അവശ്യമുണ്ടെന്നു തോന്നിയാൽ കോടതിയിൽ വിസ്തരിക്കാൻ അവകാശമുണ്ടു്. അസസ്സർമാരാണെങ്കിൽ ആ അവകാശംനഷ്ടപ്പെട്ടും. ബ്രിട്ടീഷി ഡ്യയിലും കൈക്കൂലിയില്ലെന്നു പറയുവാൻപാടില്ലാ. എങ്കിലും നമ്മേപ്പോലെ ഒരു വർഗ്ഗീയ മനഃസ്ഥിതിയൊ മറു നീചമനഃസ്ഥിതിയൊ അവിടെയില്ല. ഞാൻ വർഗ്ഗീയമായതിൽനിന്നെല്ലാം ഒഴിഞ്ഞുനിൽക്കുന്ന ഒരുവനാണു്. സാധുക്കളോടുള്ള ഒരു അനുകമ്പകൊണ്ടുമാത്രമാണു് ഞാൻ ഇവിടെ വാദിക്കുന്നതു്. കമ്മീഷണർമാരുടെ സ്ഥാനത്തു അസസ്സർമാരെ അവരോധിക്കുന്നതുകൊണ്ടു് വിശേഷമായ ഒരു പ്രയോജനവുമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. വൃക്ഷങ്ങളുടെ സംഖ്യ, കയ്യാലകളുടെ എണ്ണം മുതലായവയെ സംബന്ധിച്ചിടത്തോളം ചില ഭാഗങ്ങൾ ബില്ലിൽ പറയുന്നുണ്ടു്.

"വൃക്ഷങ്ങളുടെ പ്രതിഫലം ദേഹണ്ഡക്രമാഗതമായി വളർന്നുകൊണ്ടിരിക്കണം. കായ്ഫലമില്ലാത്ത വൃക്ഷങ്ങളുടെ സംഗതിയിൽ കൈവശക്കാരൻ കൊടുക്കേണ്ട പ്രതിഫലം അയാൾനട്ടിട്ടുള്ള കഴിഞ്ഞതെകഠംക്കോ തെകഠംക്കോ ഒരു കാലത്തിലധികം പ്രായമില്ലെങ്കിൽ അവയെ സം

LIBRARY ARCHIVES Kerala Legislative Assembly

ബന്ധിച്ചിടത്തോളമുള്ള മുഴുവൻവിലയും ആയിരിക്കേണ്ടതും ആ പ്രായം കടന്നിട്ടുള്ളവയും എന്നാൽ കായ്ഫലമുണ്ടാകാനുള്ള കാലമായിട്ടില്ലാത്തവയും ആയ വൃക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ആ വയുടെ നാലിൽമൂന്നുവിലയും ആയിരിക്കുന്നതാണ്'' എന്നു കാണുന്നു. ചന നിറച്ചു പശുവിന് വിലകായുന്നു. പ്രസവിച്ചാൽ വിലതാനെയുയരുന്നു. ഇതാണിതിൽ അന്തർഭവിച്ചുകാണുന്ന രഹസ്യം. കയ്യാലകളുടെ കായ്ത്തിനു കാലവർഷംമൂലം ഒലിച്ചുപോകാനൊ നാശപ്പെട്ടുപോകാനൊ ഇടയുള്ളതോ വസ്തുവിനെ ആവശ്യമില്ലാത്ത ഖണ്ഡങ്ങളും ഉപഖണ്ഡങ്ങളുമായി തരിക്കത്തക്കവണ്ണം കെട്ടിയിട്ടുള്ളതൊ ഉപയോഗപ്രദമായ യാതൊരു കായ്വും നിർവഹിക്കാത്തവണ്ണം അപൂർണ്ണമായതോ ആയ ഏതെങ്കിലും കയ്യാലയ്ക്കോ മറ്റു മതിലുകൾക്കൊ യാതൊരു പ്രതിഫലവും കൊടുക്കേണ്ടതില്ലാത്തതാകുന്നു. ഇതനുസരിച്ചു നോക്കുമ്പോൾ ഇന്നുള്ള ഭേഹണ്ഡക്കാരന്റെ കയ്യാലകൾക്കു യാതൊരുവിലയും കൊടുക്കാൻ ഇടവരികയില്ല.

കമ്മീഷണർ സത്യവിരോധമായി ചെയ്താൽ അതിനെ പരിഹരിക്കുന്നതിനു എന്തെല്ലാം നടപടികളുണ്ട്? ഇപ്പോഴത്തെ നിയമത്തിൽതന്നെ ഒരു കമ്മീഷണർ ശരിയായിട്ടു റിപ്പോർട്ടുചെയ്തില്ലെങ്കിൽ മറൊരു കമ്മീഷണരെ അയക്കുക എന്നൊരു പതിവുണ്ട്. അങ്ങനെ രണ്ടാമതും അയക്കുന്ന കമ്മീഷണരുടെ റിപ്പോർട്ട് ശരിയല്ലെങ്കിൽ കേടതിയിൽ നിന്നും മറു ചില മാർഗ്ഗങ്ങൾ ചെയ്യാവുണ്ട്.

**Mr. Kayalam Parameswaran Pillai :** കമ്മീഷണരുടെ സ്ഥാനത്തു് അസസ്സറെ നിയമിക്കണമെന്നു പറഞ്ഞിട്ടില്ല.

**Mr. J. John Kattakayam :** പിന്നെ എന്തിനാണു ഇവിടെ അസസ്സറെ വെച്ചിരിക്കുന്നതു്?

**Mr. Kayalam Parameswaran Pillai :** കോടതിയെ ജൂറിമാർ സഹായിക്കുന്നതുപോലെ സഹായിക്കാനായിമാത്രം വച്ചിരിക്കുന്ന ഒരേർപ്പാടാണിതു്.

**Mr. J. John Kattakayam :** അങ്ങിനെയാണെങ്കിൽ മദ്ധ്യസ്ഥന്മാരെ വച്ചാൽപോരെ?

**Mr. Kayalam Parameswaran Pillai :** ആവശ്യമുണ്ടെങ്കിൽ അസസ്സർമാരെ വക്കുന്നതിനുള്ള ചട്ടമുണ്ടാക്കുകയാണു ചെയ്യുന്നതു്. കോടതിയെ ജൂറിമാർ സഹായിക്കുന്നതുപോലെ അസസ്സർമാരും കോടതിയെ സഹായിക്കും.

LIBRARY ARCHIVES Kerala Legislative Assembly

**Mr. J. John Kattakayam** ബഹുമാനപ്പെട്ട ഹൈക്കോടതി ഇതു സമ്മതിക്കുന്നുണ്ടോ?

**Mr. Kayalam Paramesvaran Pillai** : ഹൈക്കോടതിക്ക് ഈ അധികാരം വിട്ടുകൊടുത്തിരിക്കുകയാണ്.

**Mr. M. Govindan** : ശമ്പളമുള്ള ഉദ്യോഗസ്ഥന്മാർതന്നെ കൈക്കൂലിവാങ്ങുന്നു എന്നുവാദമുള്ള ഇക്കാലത്തു് ശമ്പളമില്ലാത്തവരെ വച്ചാൽ അതു നന്നായിരിക്കുമോ?

**Mr. J. John Kattakayam** : അതു് ഒരിക്കലും പാടില്ല.

**Mr. N. Ramakrishna Pillai** : കമ്മീഷണർമാർ സാധാരണ തടസ്സർമാരെ വെക്കാറുണ്ടോ?

**Mr. J. John Kattakayam** : റിപ്പോർട്ടു തയ്യാറാക്കി അവിടെ നിൽക്കുന്ന വേലക്കാരെ വിളിച്ചു് അതിൽ ഒപ്പിടാൻ പറയും.

**Mr. Kayalam Paramesvaran Pillai** : അതു ശരിയാണോ?

**Mr. J. John Kattakayam** : അതു ശരിയല്ല

**Mr. Kayalam Paramesvaran Pillai** : അതു മാറ്റാൻ വല്ല വഴിയുമുണ്ടോ?

**Mr. J. John Kattakayam** : അസസ്സർമാരെവച്ചാലും അങ്ങിനെതന്നെ വരുമെന്നതാ?

**Mr. M. P. Madhavan Pillai** (*Tiruvalla cum Pattanam title*): മെമ്പർതന്നെ ഒരു ജൻമിയാണെന്നും ൨൦൦ ഏക്കർ സ്ഥലം സാധുക്കൾക്കു താമസിക്കാൻ കൊടുത്തിട്ടുണ്ടെന്നും അവർ മിച്ചവാരം പോലും തരുന്നില്ലെന്നുമെമ്പർ പറഞ്ഞു. അതു് മെമ്പക്കു വേറെ ആദായമുള്ളതുകൊണ്ടു സഹിക്കുന്നു. അങ്ങിനെ മറ്റാദായമില്ലാത്തവരുടെ സ്ഥിതി എന്തായിരിക്കും?

**Mr. J. John Kattakayam** : നികുതിപോലും തരുന്നില്ല. എന്തായാലും മെമ്പറുടെ ഔദ്യം ഞാൻ വകവക്കുന്നു.

**Mr. M. P. Madhavan Pillai** : ആ സ്ഥിതിക്കു ഇങ്ങിനെ ഒരു നിയമമുണ്ടാക്കേണ്ടതാവശ്യമല്ലേ?

**Mr. J. John Kattakayam**: നിയമം വേണം. പക്ഷെ, ഈ തർത്തിലുള്ള ഒന്നല്ല വേണ്ടതു്. മനഃസാക്ഷിയുടെ കണികപോലുമുള്ള ഒരാൾ ഇങ്ങനെ ഒരു നിയമം വേണമെന്നാവശ്യപ്പെടുകയില്ല. പൊതുപ്രകാരമായുള്ള ഒരു മനഃസ്ഥിതിയോടുകൂടിയാണു് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

**Mr. N. RamaKrishna Pillai:** ഇതിൽ ഏതു ഭാഗമാണു ദോഷമായിട്ടുള്ളതു്?

**Mr. J. John Kattakayam:** അതു വരുന്നേയുള്ളു. എന്റെ പ്രസംഗംകൊണ്ടു് മെമ്പർക്കു മനസ്സിലാക്കാൻ കഴിയും. ഈ ബില്ലിൽ അങ്ങേ ഫ്രവകുപ്പുകൾ ഉണ്ടു്. അതിൽ ഫ്രം-ം ദേഹണ്ഡക്കാരൻ ദോഷമാണു്.

**Mr. M. Govindan:** ഇതിൽ കുടിയാനവനു ദോഷമില്ലാത്തതായി എന്തെങ്കിലും ഭാഗമുണ്ടോ?

**Mr J John Kattakayam:** സകലതും കുടിയാനവനു ദോഷവും ജന്മിക്കനുകൂലവുമാണു്. തന്നെയും തന്റെ കുഞ്ഞുകുട്ടികളെയും താമസിക്കുന്ന സ്ഥലത്തുനിന്നും സാമാനങ്ങൾപോലും വിട്ടുകൊടുക്കുന്നതിനും വയ്യാത്തവിധം അടിച്ചു പുറത്താക്കുന്നതു എത്രമാത്രം ഭയങ്കരമായ അവസ്ഥയാണു്?

**Mr. Komilezhathu Sankaran** (*Nominated*): ഈ ബില്ലിനെപ്പറ്റി കുടിയാന്മാരാരെങ്കിലും ആക്ഷേപം പുറപ്പെടുവിച്ചിട്ടുണ്ടോ?

**Mr. J. John Kattakayam:** ധാരാളം അപേക്ഷകൾവന്നിട്ടുണ്ടു് നിരന്തരമായിട്ടു പ്രതിഷേധം നടക്കുന്നു എന്നു ഞാൻ മുൻപുതന്നെ പറഞ്ഞു: ബില്ലിന്റെ അവതാരകനായ മി: രാമൻപിള്ളമാത്രമേ ഇതിനെ അനുകൂലിച്ചു സംസാരിക്കണമെന്നു എന്നോടു പറഞ്ഞുള്ളു. ശേഷം വേറെല്ലാം പ്രതിക്രൂലിക്കണമെന്നാണു പറഞ്ഞതു്. ഈ അവസരത്തിൽ മി. രാമൻപിള്ളയെ സംബന്ധിച്ചിടത്തോളം എനിക്കു സ്വല്പം പറയേണ്ടതായിട്ടുണ്ടു്. അദ്ദേഹം കുറെ വസ്തുജന്മം വാങ്ങിയിട്ടുണ്ടു്. അതു വളരെ ലാഭത്തിനാണു വാങ്ങിച്ചതു്: ദേഹണ്ഡവിലകൊടുത്തു കഴിപ്പിക്കാൻ നിവൃത്തിയില്ലാതിരിക്കുന്നു. ഇതിന്റെ പരിഹാരത്തിനുവേണ്ടി ഇങ്ങനെ ഒരുബില്ൽകൊണ്ടുവന്നിട്ടുള്ളതാണു. സ്വാർത്ഥം അതിന്റെ തനിനിറമായിൽപ്രകാശിച്ചുകാണുന്നു. ഒരുത്തൻ ചെയ്തിട്ടും പാപകർമ്മത്തിന്റെ ഫലം പങ്കുവയ്ക്കയുള്ള ജനങ്ങൾക്കൊക്കെത്തട്ടും.

**President:** It is not now Mr. Raman Pillai's Bill. It is a Bill passed by the Sri Mulam Assembly. Therefore, any personal observation regarding this gentleman or that gentleman will not be in order.

**Mr. J. John Kattakayam:** ദേഹണ്ഡം നിശ്ചയിക്കുന്നതിനു പ്രത്യേകം ചില ചട്ടങ്ങളും അവകാശങ്ങളും ഉണ്ടു്. സെറ്റിൽമെന്റുകാലത്തു കരം ചുമത്തിയിട്ടുള്ള വൃക്ഷങ്ങൾക്കുമാത്രമേ ദേഹണ്ഡം ചുമത്താൻ പാടുള്ളു. പിഴക്കം കൊണ്ടു് അതിൽ എന്തെങ്കിലും കൂടി സംഭവിച്ചി

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

ട്ടുണ്ടെങ്കിൽ അതിനു ദേഹണ്ഡം കിട്ടുകയില്ല. ഈ ബില്ലിന്റെ രണ്ടാം വകുപ്പിൽ ദേഹണ്ഡത്തിനു കൊടുത്തിരിക്കുന്ന വിവരണത്തിൽ വസ്തുവിന്റെ വിലവർദ്ധിച്ചാൽ പാരാ. അതു നിരന്തരമായും ക്രമാനുഗതമായും വർദ്ധിച്ചുകൊണ്ടിരിക്കണമെന്നു പറയുന്നു. എപ്പോഴും അങ്ങനെ വർദ്ധിച്ചുകൊണ്ടിരിക്കാൻ സാധിക്കുന്നതാണൊ? ഒരു വാഴവെച്ചു കഴിഞ്ഞാൽ പിന്നെ അതിനു ഉന്നമനമില്ല. പൂവിലും മുളകുകൊടിയിലും കായ ഉണ്ടായി അതു് വർദ്ധിച്ചുവന്നില്ലെങ്കിൽ അതിനു ദേഹണ്ഡമില്ല. ഒരു കെട്ടിടംവച്ചു പഴകിപ്പോയാൽ അതിനും ദേഹണ്ഡമില്ല. ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനു മാത്രമേ ദേഹണ്ഡം കിട്ടുകയുള്ളൂ. ഇങ്ങിനെയുള്ള ദേഹണ്ഡം എവിടെക്കാണും? പഴക്കംകൊണ്ടു അതിനു ഹാനത ഉണ്ടാകുന്നു. എങ്കിലും ഇവകൾക്കെല്ലാം ന്യായമായ ദേഹണ്ഡവിലയുംമറും പ്രതിഫലമായി നമ്മുടെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിച്ചുകൊടുത്തിട്ടുമുണ്ടു്.

**Mr. N. Ramakrishna Pillai:** ജന്മികുടിയാൻ റഗുലേഷനിൽ ദേഹണ്ഡത്തിനുകൊടുത്തിരിക്കുന്ന വിവരണം എങ്ങിനെയാണെന്നറിയാമോ?

**Mr. J. John Kattakayam:** അതിനെപ്പറ്റി പന്നീടു പറയാം.

ഫ ൦ ൪ ഫ-ലെ ജന്മികുടിയാൻ റഗുലേഷനിൽ പറയുന്ന ഭാഗം ഇങ്ങനെയാണു. എന്റെ സ്നേഹിതൻ മി. രാമകൃഷ്ണപിള്ള ചോദിച്ചതു് ഈ ഭാഗമാണു്.

**Mr. Kayalam Paramesvaran Pillai:** വേറെ പറയാനുണ്ടെങ്കിൽ അതിനെ വിട്ടുംവച്ചു ഇതു പറയണമെന്നില്ല.

**Mr. J. John Kattakayam:** പറയാൻ വളരെയുണ്ടു് അതു ഇതിനുശേഷമാകട്ടെ, ഫ ൦ ൪ ഫ-ലെ ജന്മികുടിയാൻ റഗുലേഷനിൽ ൪-ാം വകുപ്പിൽ ഫ൪-ാംപാരയിൽ ദേഹണ്ഡവിലയെപ്പറ്റി വിവരണം കൊടുത്തിരിക്കുന്നു.

**Mr. Kochikal P. Balakrishnan Tampi** (*Mavelikara and Kartikapalli* cum *Kunnattur*) Sir, he is reading from some newspaper.

**Mr. J. John Kattakayam:** ജന്മികുടിയാൻ റഗുലേഷനിൽ ആ ഭാഗം വായിക്കാതെ അതിനെപ്പറ്റി എങ്ങിനെയാണു പറയുന്നതു?

**Mr. Komilezhathu Sankaran:** മെമ്പർ ജന്മികുടിയാൻ റഗുലേഷനിൽ ദേഹണ്ഡത്തിനു കൊടുത്തിരിക്കുന്ന വിവരണം മുഴുവനും കാണാതെ പഠിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

**Mr. J. John Kattakayam :** അതിനു സാധിക്കുകയില്ലല്ലോ. നിയമപാരാവാര പാരാംഗതനായ ലാമെമ്പർക്കുപോലും അതിനു സാധിക്കുമെന്നു തോന്നുന്നില്ല.

**Mr. Komilezhathu Sankaran :** മെമ്പർ വായിക്കുന്നതുബില്ലിന്റെ മലയാളതർജ്ജിമയല്ലേ?

**Mr. J. John Kattakayam :** അതെ, അല്ലാതെ ഇംഗ്ലീഷിനെപ്പറ്റി വിമർശനം നടത്താൻ ഇംഗ്ലീഷ് പഠിച്ചുകൊണ്ടു വന്നിട്ടില്ല.

**President :** On the question raised by Mr. Balakrishnan Tampi, I may say that the definition in this Bill is the same as the one in the Jenmi and Kudiyan Regulation. Therefore, Mr. Kattakayam is justfied in referring to the definition contained in the Jenmi and Kudiyan Regulation.

**Mr. J. John Kattakayam :** ഞാൻ വായിക്കുന്നതു ഞാൻതന്നെ എഴുതിയുണ്ടാക്കിട്ടുള്ളതാണു്. മറെറാരാളിന്റെ അല്ല. പ്രസംഗിക്കുന്ന അവസരത്തിൽ നോട്ടു നോക്കാം എന്നുണ്ടു്. അതും പാടില്ല എന്നു പറയുന്നെങ്കിൽ പൊതുജനോപകാരപ്രദമായ ഇതിനെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല.

ക്ര-ാം പാരാവിൽ കൊടുത്തിരിക്കുന്നതുപോലെ വ്യാഖ്യാനിക്കുന്നതായാൽ അതായതു് വസ്തുവിന്റെ വില വർദ്ധിച്ചുകൊണ്ടിരിക്കണം എന്നുള്ള വ്യാഖ്യാനംകൊണ്ടു് വളരെ ദോഷം കൂടിയാനു സംഭവിക്കുന്നതാണു്. (എ). മുതൽ (എഫ) വരെ വകുപ്പുകളിൽ കൊടുത്തിരിക്കുന്ന വിവരണം ആ പദത്തിന്റെ വ്യാഖ്യാനത്തിൽ ഉൾപ്പെടുന്നതാണു. എന്നോടു ചോദിച്ചുബഹുമാന്യ സ്നേഹിതനു ഇതിനെപ്പറ്റി നല്ലവണ്ണം അറിയാവുന്നതാണു. അദ്ദേഹവും നിയമവിദഗ്ദ്ധനാണു്. ലാ മെമ്പറെപ്പോലെ വിദഗ്ദ്ധനല്ലെങ്കിലും അദ്ദേഹത്തിന്റെ അടുത്തു പുറകിൽ നിൽക്കുന്നതിനുള്ള നിയമ പാണ്ഡിത്യം ഇദ്ദേഹത്തിനുമുണ്ടെന്നു എനിക്കറിയാം. ഇങ്ങനെയുള്ള വിദഗ്ദ്ധന്മാരായ ബഹുമാനപ്പെട്ട എന്റെ സ്നേഹിതന്മാർ ഈ തരത്തിൽ ചോദ്യംചോദിക്കുന്നതു് എന്നെ പരീക്ഷിക്കുന്നതിനു മാത്രമാണു്.

**Mr. N. Ramakrishna Pillai :** ജന്മികുടിയാൻ റഗുലേഷനിൽ ദേഹണ്ഡത്തിനു കൊടുത്തിരിക്കുന്ന വിവരണത്തിന്റെ ശരിപ്പകർപ്പാണു് ഈ ബില്ലിലും കൊടുത്തിരിക്കുന്നതെന്നറിയാമോ?

**Mr. J. John Kattakayam :** അതു് നോക്കിവേണം നിശ്ചയിക്കാൻ. (എ) മുതൽ (എഫ്) വരെയുള്ള വകുപ്പുകളിൽ പറഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam]

രിക്കുന്ന സംഗതികൾക്ക് ദോഷമുണ്ടെന്നു പറയുന്നു. വസ്തു ജന്മിക്കു വേണമെങ്കിൽ ജന്മി ദോഷം കാണിക്കണം. ഈ ബില്ലനുസരിച്ച് ദോഷം കാണിക്കുന്നതിനുള്ള ചുമതല ദോഷംചെയ്തിരിക്കുന്നയാളിനാണ്. ഇതു യാതൊരു നീതിബോധവുമില്ലാത്ത ഒരു അഭിപ്രായമാണ്. ഇതു് നാട്ടനടപ്പിനും ഇതുവരെയുള്ള ഹൈക്കോടതി വിധികൾക്കും എതിരായുള്ള ഒരു സംഗതിയാണ്.

(A non-member entered the House and approached the seat of Mr. N. Ramakrishna Pillai)

**President** Strangers are not allowed on the floor of the House.

**Mr. Kochikal P. Balakrishnan Tampi**: He is a clerk of the Council Office.

**Mr. J. John Kattakayam** : വസ്തുഉടമസ്ഥനു ദോഷം കൊടുക്കുന്നതിനെപ്പറ്റി എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ദോഷക്കാരൻ അപ്പീൽ കൊടുക്കണം. യാതൊരു ദോഷവും ഇല്ലാ എന്നു ജന്മി പറയുന്നതായാൽ സാധുക്കളായിട്ടുള്ള ...

**Mr. M. N. Paramesvaran Pillai**: I rise to a point of order. The member is now going into the minutest details of the Bill. He can do so only when we are dealing with the clauses. He can now object to the Bill only on the general principles.

**President**: I was myself going to draw Mr. Kattakayam's attention to that fact very soon. I permitted him to go into the general principles but I find that he is going on discussing not only the clauses but also the sub clauses. That certainly is not the intention of the Rules and Standing Orders at the present stage. At this stage honourable members should confine themselves to the general principles of the Bill and draw the attention of the House to the defect that they notice in the general principles but not scan every sentence and every clause in the Bill. That should not be done now. Mr. Kattakayam, will you please confine yourself to the general principles of the Bill?

**Mr. J. John Kattakayam** : ഞാൻ ഇതുവരെ സംസാരിച്ചിട്ടുള്ളതു് ബില്ലിന്റെ പൊതു തത്വത്തെപ്പറ്റിയാണ്. രണ്ടാംവകുപ്പിനെപ്പറ്റി പ്രത്യേകമായ ചില സംഗതികൾ പറയേണ്ടിയിരുന്നതുകൊണ്ട് അതിൽ അന്തർലീനമായ ചില തത്വങ്ങളെപ്പറ്റിമാത്രം ഇവിടെ പറഞ്ഞു. വസ്തുവിന്റെ ദോഷവില നിശ്ചയിക്കുന്നതു് ജന്മിയാണ്. അതാണു നാട്ടനടപ്പു്. ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതുതന്നെ വസ്തുവ്

LIBRARY ARCHIVES Kerala Legislative Assembly

ൽ ദേഹണ്ഡം ചെയ്തിട്ടുള്ള ആൾ സങ്കടമുണ്ടെങ്കിൽ കോടതിമുഖേന സങ്കടപ്പെട്ടുകൊള്ളണമെന്നാണ്. ആത്മാഭിമാനമുള്ള ഒരുത്തൻ അന്യന്റെ സ്ഥലത്തു ദേഹണ്ഡംചെയ്യാൻ പോകുകയില്ല. ഒരു ചാൺ വയറു പിഴപ്പിനുവേണ്ടിയാണ് അന്യന്റെ പുരയിടങ്ങളിൽപോയി ദേഹണ്ഡം ചെയ്യുന്നതു്. ഈ ദേഹണ്ഡംമാത്രമാണ് അവന്റെ സമ്പത്തും. അതു് അവന്റെ ചിലവിന്മേൽ കാണിക്കണമെന്നു പറഞ്ഞിരിക്കുന്നതു വളരെ അനീതിപരമായിട്ടുള്ള സംഗതിയാണ്. ദേഹണ്ഡമാണെന്നു കാണിക്കുന്നതുവരെ ദേഹണ്ഡം ഇല്ലെന്നു കരുതിക്കൊള്ളണമെന്നാണുപറയുന്നതു്. ഈ ബില്ലു ജന്മിയുടെ രക്ഷയെമാത്രം ഉദ്ദേശിച്ചു് ഉണ്ടാക്കീട്ടുള്ളതാണ്. അതുകൊണ്ടു് ഇതിനെ ഒരിക്കലും നടപ്പിൽ വരുത്താൻപാടുള്ളതല്ല. കോടതിയിൽ ഇന്നു അനുവദിച്ചുപോരുന്ന അനുവധി പണികഴിക്കു ദേഹണ്ഡമില്ലെന്നു് ഈ ബില്ലുകൊണ്ടു വരുന്നുണ്ടു്. ഹൈക്കോടതിയിൽനിന്നും തീരുമാനിച്ചിട്ടുള്ള പലതിനും ദേഹണ്ഡമില്ലെന്നു് ഇതുകൊണ്ടുവരുന്നു. ഈ ബില്ലിന്റെ ശ്രുക്ഷതയും കാംക്ഷയും നിമിത്തം ജനങ്ങളുടെയിടയിൽ വളരെ സങ്കടമുണ്ടായിട്ടുണ്ടു്. വാസ്തവത്തിൽ ഇതിനെ അംഗീകരിക്കുകയാണെങ്കിൽ വല്ല ബോഷേവിസമോ കമ്മ്യൂണിസമോ മറ്റു വല്ലതുമോ മറ്റൊരാക്രുടി ഉണ്ടാകുകയില്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ആ തരത്തിലാണ് ഈബില്ലിന്റെ ഘടനാരീതി. ഈ ബാംബിന്റെ അകത്തു മൂച്ചയേറിയ പല അസ്ത്രങ്ങളും നിക്ഷിപ്തമായിട്ടുണ്ടു്. അതിലുള്ള ഒരു അസ്ത്രമാണിതു. ഈ തരത്തിലുള്ള ഒരു ബില്ലിനെപ്പറ്റി അല്പസമയംകൊണ്ടു പറഞ്ഞുതീർത്തുകളയാമെന്നു വിചാരിക്കുന്നതു തീരെ സുസാധ്യമായ ഒരു കാര്യമല്ല.

കാണപ്പാട്ടവസ്തുക്കൾ കുടിയാന്മാരിൽനിന്നും വിട്ടൊഴിപ്പിക്കുന്നകാലത്തു മാത്രമെ ദേഹണ്ഡവിലയെപ്പറ്റി ആലോചിക്കേണ്ടതായിവരുന്നുള്ളു. അവക്കു കൊടുക്കേണ്ട മിച്ചവാരം മുതലായതു ന്യായമായി കൊടുത്തുകൊണ്ടിരുന്നാൽ അവക്കു വഴക്കുമില്ല. ജന്മി നേരിട്ടു കാണപ്പാട്ടക്കാരനെകണ്ടു് ന്യായമായവിധത്തിൽ പണം കൊടുത്തു വസ്തുഒഴിപ്പിക്കുന്നു. തിരുവിതാംകൂറിലെ ജന്മിയും കുടിയാനുംതമ്മിൽ വളരെ സൗഹാർദ്ദത്തോടെ കഴിഞ്ഞുവന്ന ഒരു കാലമുണ്ടായിരുന്നു. ഈ ബിൽ അവരുടെ വിശാലമനസ്ക്കതയെ വ്യതിചലിപ്പിക്കയും വ്യഭിചരിപ്പിക്കയും ചെയ്യുകയില്ലെന്നു ആരുകണ്ടു? സദാചാരനിരതനായി കഴിക്കുന്ന ഒരു ജന്മിക്കു യോജിച്ചതരത്തിലല്ലാ ഈ ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നതു്. ഈ മാത്രം ശ്രുക്ഷതരമായ ആക്ഷേപങ്ങൾക്കു വിധേയമായ ഈ ബില്ലിനെ കണ്ണും അട



LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

ച്ചു പാസ്സാക്കിക്കളയാമെന്നു വിചാരിക്കുകയാണെങ്കിൽ അത് എത്രമാത്രം ഗർഹണീയമായ സംഗതിയാണ്? 'ക്രനിഷ്മേൽ കരു' എന്നതുപോലെ സാമ്പത്തികാധിപത്യം നിമിത്തം കർഷകജനത്തിനു വട്ടം കറങ്ങുന്ന ഇക്കാലത്തു് ഇതുപോലെ ഒരു ബില്ലാണോ ജനപ്രതിനിധികൾ എന്നുപറഞ്ഞു നടക്കുന്ന ആളുകൾ കൊണ്ടുവരേണ്ടതു്? ഹാ! എത്ര ഭയങ്കരമായ ഒരു ചിത്രമാണു നമ്മുടെ മുൻപിൽ പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നതു? ഈ ഭയങ്കരമായ ചിത്രത്തെ ആകപ്പാടെ അംഗീകരിച്ചുകൊടുക്കുന്നതും അതിനെ ഇരുകരങ്ങളാലും ആശീർവദിക്കുന്നതിനു ഇവിടെയും ആളുകൾ ഉള്ളതായി കാണുന്നതിൽ അത്യധികം സങ്കടപ്പെടുകതന്നെ ചെയ്യുന്നു. എന്നാൽ ഇതു ഈ ശ്രീവാഴുംകോട്ടിൽ നിയമിക്കുന്നതിനു എന്റെ മനഃസാക്ഷി അനുവദിക്കുന്നില്ല. അഹോ ഭയങ്കരം! ഭയങ്കരം! ഹരിജനോദ്ധാരണമെന്നും മറ്റുമുള്ള ഓരോ പദ്ധതികൾ സാധുക്കളുടെ രക്ഷക്കായി അനുകൂലമായ പ്രവർത്തിച്ചുവരുവെ സാധുക്കൾക്കു ദോഷകരമായവിധത്തിലുള്ള ഈ ബിൽ ബഹുമാനപ്പെട്ട ഗവണ്മെന്റു നിയമസഭയിൽ കൊണ്ടുവന്നതു വളരെ ആക്ഷേപകരമാണു്. സാധുക്കൾക്കു് എന്തെല്ലാം രക്ഷകൾ ചെയ്യാമോ അതും അതിലധികവും ചെയ്യേണ്ടതു ഗവണ്മെന്റിന്റെ കടമയാണു്. നിയമസഭാംഗങ്ങളും അതിനു കടപ്പെട്ടവരാണു. അവർക്കു് ഈ സംഗതിയിൽ അനുഭാവമില്ലാതെയാണു കാണുന്നതു്. എന്റെ പ്രസംഗത്തെപ്പറ്റി തന്നെ അവക്കു വിഷമമുണ്ടെന്നു കാണുന്നുണ്ടു്. ഞാൻ അന്യന്റെ പുരയിടത്തിലല്ലാ താമസിക്കുന്നതു്. ഗവണ്മെണ്ടിന്റെ യാതൊരു ആനുകൂല്യവും എനിക്കില്ല. കൃഷിവായ്പ്പയോ ഭൂമി പതിപ്പോ ഒന്നുംതന്നെ എനിക്കില്ല. നടക്കുന്നതിനു റോഡില്ലാത്തതുകൊണ്ടു് ഒരു മൈൽ ദൂരം റോഡു വേണമെന്നുപറഞ്ഞു. ഇങ്ങിനെ സ്വതന്ത്രനായിരിക്കുന്ന ആളാണു് ഞാൻ.

**President** : All this does not form part of the general principles of the Bill. Let us discuss the general principles of the Bill

**Mr. J. John Kattakayam** : സാധുക്കളുടെ കഷ്ടതയെപ്പറ്റി പറഞ്ഞപ്പോൾ പറഞ്ഞുപോയതാണു്. വസ്തു സംബന്ധമായ കേസുകളിൽ എൺപതു ശതമാനവും വസ്തു ഒഴിപ്പിക്കാനുള്ള കേസുകളാണു്. ഇങ്ങിനെ ഒരു ബില്ലിന്റെ ആവശ്യമുണ്ടെന്നോ നിലവിലിരിക്കുന്ന ചട്ടങ്ങളെ ഭേദപ്പെടുത്തണമെന്നോ ജന്മിമാരിൽ ആരുതന്നെ ആവശ്യപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഉണ്ടായിട്ടുള്ള ചട്ടങ്ങളെ അനുസരിച്ചു അവർ സ്വീകരണം പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ നിലവിലിരിക്കുന്ന പല സംഗതികളേയും പാടെ മറിക്കുന്നവിധത്തിലാണു് ഈ ബി

LIBRARY ARCHIVES Kerala Legislative Assembly

ൽ ഇരിക്കുന്നത്. ദേഹണ്ഡം എന്ന പദത്തിനു കൊടുത്തിരിക്കുന്ന വിവരണംതന്നെ നീതിവിരുദ്ധമായിട്ടാണിരിക്കുന്നത്. ദേഹണ്ഡം എന്നുവച്ചാൽ എന്താണർത്ഥം? ദേഹദണ്ഡമാണ്. ദേഹത്തെ ദണ്ഡിപ്പിച്ചു ഉണ്ടാക്കുന്നതെന്നാണതിന്റെ അർത്ഥം. പുരയിടങ്ങളേയും നിലങ്ങളേയും രൂപാന്തരപ്പെടുത്തിക്കൊണ്ടുവന്നാൽ അവനു അതിലേക്കു ഒന്നും കൊടുക്കാതെ ഇറക്കിവിടുക എന്നുള്ളതു് സമസ്യഷ്ടിസ്നേഹമുള്ള ഒരു പ്രവർത്തിയാണെന്നു് ആരുംസമ്മതിച്ചുതരികയില്ല.

**Mr. Sayed M. Bava** (*Nominated*): അടിയൊ മറ്റൊ കൊണ്ടു ദേഹത്തിനു ദണ്ഡമുണ്ടായാൽ അതും ദേഹണ്ഡമാണോ?

**Mr. J. John Kattakayam** : ഇതു വളരെക്കാലമായി അനുഭവിച്ചുകൊണ്ടിരിക്കുന്നതാണു്. അടികൊള്ളുന്നതു ദേഹത്തിന്റെ ഒരുഭാഗത്തുമാത്രമാണു്. അടികൊണ്ടാൽ കുറച്ചു സമയത്തേക്കുമാത്രമേ ദേഹത്തിൽ വേദനയുണ്ടായിരിക്കുകയുള്ളു. അടികൊണ്ടാൽ അതു അറിയാം. അല്ലെങ്കിൽ അടി കൊണ്ടിട്ടുള്ളവരോടു ചോദിച്ചാൽ അറിയാം.

**Mr. K. P. Nilakanta Pillai** : അടികൊണ്ടാൽ അനുഭവിഴം അല്ലേ?

At this stage the President left the Chair and Mr. M. Govindan, one of the Panel of Chairman, presided.

**Mr. J. John Kattakayam** . അതെ. അടികൊണ്ടാൽ സ്വല്പസമയത്തേക്കുമാത്രമെ വേദനയുണ്ടായിരിക്കുകയുള്ളു. ദേഹണ്ഡവിലകിട്ടിയില്ലെങ്കിൽ അങ്ങിനെയല്ല: അവന്റെ കുടുംബം മുഴുവൻ കുഞ്ഞുകുട്ടിപരാധീനങ്ങളും ഉൾപ്പെടെ അനുഭവിക്കേണ്ടതാണു്. കുടിക്കാൻകഞ്ഞിയില്ലാതെയും ഉടുക്കാൻ തുണിയില്ലാതെയും കിടക്കാൻ സ്ഥലമില്ലാതെയും ഉള്ള ആളുകളാണു് അന്യന്റെ പുരയിടങ്ങളിൽ കിടക്കുന്നതു്. ഇന്നു നിലവിലിരിക്കുന്ന നിയമം അനധികൃതമായ വസ്തുവിലെ ദേഹണ്ഡവും കൊടുക്കണമെന്നാണു്. ഈ ബില്ലനുസരിച്ചു അതു വിട്ടുപോകുന്നു. അതിനു് ഈ ബില്ലിൽ കൊടുത്തിരിക്കുന്നപേരു് കയ്യേറ്റം എന്നാണു്. അതു ഡക്കായിറിയൊ അല്ലെങ്കിൽ നമ്മുടെ ഭവനത്തിൽ കയറി എന്തൊക്കെയൊ ഉപദ്രവിച്ചു എന്നോ ആണു് ആ വാക്കിന്റെ പ്രഥമശ്രവണത്തിൽ നമുക്കു് തോന്നുന്നതു്. അതുമാത്രം ശ്രുക്ഷ്മതരമായ വിധത്തിലാണു് അതിനെ ഇവിടെ പ്രയോഗിച്ചിരിക്കുന്നതു്. ഇങ്ങിനെ എഴുതാൻ ഒരു സാഹിത്യകാരനെ സാധിക്കയുള്ളു. നിശിതമായ വിമർശനത്തിനു വിധേയമായിട്ടുള്ള. ഈ ബില്ലിന്റെ മുഖവുരയിൽതന്നെ ഇതുമാത്രം കർണ്ണാനന്ദമായ ഒരു പദത്തെ കൊണ്ടുവച്ചിരിക്കുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

എന്റെ മാന്യസ്നേഹിതന്മാർ ഈ അവസരത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. കയ്യേറ്റം പല തരത്തിലുണ്ട്. ഞാൻ തിരുവനന്തപുരത്തു താമസിക്കുന്നു. എനിക്കു പല വസ്തുക്കളുമുണ്ട്. മലബാറിൽപോലും എനിക്കു വസ്തുക്കളുണ്ട്. അപ്രകൊണ്ടു താമസം മലബാറിലാണെന്നു വിചാരിക്കുക. തിരുവിതാംകൂറിൽ എനിക്കു ൨൫൦ ഏക്കർ ഭൂമിയുണ്ട്. അതിൽ പച്ചയിടത്തും കയ്യേറി എന്നും വിചാരിക്കുക. അതിനടുത്തു കുറെ വസ്തുക്കളുണ്ടായിരുന്നു. ഗവൺമെൻറു തരിശാണ്. അതും വാങ്ങിച്ചു വസ്തുവിൽ കയറിയാൽ അതു അനീതിയായിരിക്കാം. ഉടമസ്ഥന്റെ അനുമതി വാങ്ങിച്ചതിനുശേഷം വസ്തുവിൽ കയറിയാൽ എന്നെ എന്തു ചെയ്യുന്നു? അങ്ങിനെയുള്ള വസ്തുവിലെ ദേഹണ്ഡം തരുന്നതിനു ഹൈക്കോടതി വിധിക്കുന്നുണ്ട്. ആ വിധത്തിലുള്ള കയ്യേറ്റം കുറ്റകരമാകയില്ല. ഒരു വസ്തുവിൽ വേല ചെയ്യുന്നതായാൽ മുമ്പാട അനുസരിച്ചു പ്രതിഫലം കൊടുക്കാൻ നാം കടമയുള്ളവരായിത്തീരുന്നു. അതാണു നടപ്പു. ഈ ബില്ലുകൊണ്ടു് അങ്ങിനെയുള്ള ദേഹണ്ഡം നഷ്ടപ്പെടുന്നു. നമ്മുടെ ഗവൺമെൻറു തരിശുപുറമ്പോക്കുകളിൽ കൃഷ്യേറ്റം ചെയ്താൽ കൃഷ്യേറ്റക്കാരെ ഗവൺമെൻറു എന്തുചെയ്യുന്നു? പത്തും ഇരുപതും കൊല്ലമായി കയ്യേറി താമസിക്കുന്നവർക്കു ഗവൺമെൻറു ചെയ്യുന്ന ആനുകൂല്യം എന്താണു് എന്നു നോക്കുവിൻ അവരിൽനിന്നും കരം പോലും വാങ്ങിക്കുന്നില്ല. നിരോധനക്കരം കൊടുക്കുന്നതുകൊണ്ടു ഗവൺമെൻറു തൃപ്തിപ്പെടുന്നു. കുത്തകപ്പാട്ടമായും മറ്റും കൊടുത്തു അവരോടു മുമ്പാടയായി പെരുമാറുന്നു. കുറെക്കാലം കഴിഞ്ഞാണു പതിച്ചുകൊടുക്കുന്നതു്. പാട്ടമൊ മറ്റൊ വാങ്ങിക്കുന്നതായാൽ അതിൽ നിന്നും ഒരു ചെറിയ ആദായംമാത്രം കൊടുത്താൽ മതി. അഞ്ചുറുപ്പാ ഉണ്ടെങ്കിൽ പത്തുവർഷം കൊണ്ടു കൊടുത്തു തീർത്താൽ മതി.

**Mr. Kochikal P. Balakrishnan Tampi**: May I again invoke the help of the Chair, Sir? He is talking on the Land Conservancy Regulation.

**Chairman** : He is stating the attitude of Government.

**Mr. J. John Kattakayam** : ഇങ്ങിനെ നമ്മുടെ കരുണയേറിയ ഗവൺമെൻറു പ്രവർത്തിക്കുമ്പോൾ നിശിതവും കർക്കശവുമായ ഈ ബില്ലുകൊണ്ടുവരുവാൻ ഗവൺമെൻറു അനുവാദം കൊടുത്തതു വളരെ അനീതിയായിപ്പോയി. ഗവൺമെൻറിനു പല അധികാരവും ഉണ്ട്. ഈ കൗൺസിലിൽതന്നെ പ്രമേയങ്ങൾ പാസാക്കിയാൽ അതു് ഒരു ശു

LIBRARY ARCHIVES Kerala Legislative Assembly

പാർശ്വയാണെന്ന ഗണിച്ചാൽ മതിയെന്നുണ്ട്. അതല്ലാതെ അപ്പാടെ സ്വീകരിക്കണമെന്ന വ്യവസ്ഥയില്ല. അതുപോലെ കൗൺസിലും അസംബ്ലിയും ഒരുപോലെ പാസാക്കുന്ന സംഗതിയായാലും അതിനെ ഗവൺമെൻറ് സ്വീകരിക്കണമെന്നില്ല. അഥവാ ഗവൺമെൻറ് സ്വീകരിച്ചാലും കരുണയേറിയ അന്നദാതാവായ പൊന്നുതമ്പുരാൻ സ്വീകരിക്കണമെന്നില്ല. ഇങ്ങിനെയുള്ള ഈ ധർമ്മരാജ്യത്ത്—ഈ ശ്രീവാഴുംകോടിൽ—ഇങ്ങിനെ അനീതിപരമായ ഒരു വ്യവസ്ഥയുണ്ടാക്കാൻ അനുവദിക്കാമോ? കരുണയുടെ കണികപോലും കാണാൻ കഴിയാത്ത ഈ ബില്ല് പസ്സാക്കിയാൽ ഉണ്ടാകുന്ന ക്ഷോഭവും ബഹളവും എന്തായിരിക്കുമെന്ന് ആർക്കും ഊഹിക്കാവുന്നതല്ല. കാർഷികവിപ്ലവം സന്നിഹിതമാകാൻ പോകുന്നുവെന്ന് ഇതിൻറെ മുഖവുരയിൽതന്നെ ഞാൻ പറഞ്ഞിട്ടുണ്ട്.

**Mr. N. Ramakrishna Pillai**: Sir, I rise to a point of order. The member is not speaking on the principles of the Bill He is going on at random.

**Chairman**: I think the member was saying that this was likely to lead to a revolution among the agriculturists. That would be the effect of the Bill on the public. So, I think, he is in order.

**Mr. J. John Kattakayam**: സമസൃഷ്ടിസ്നേഹത്തിൻറെ കണികപോലുമില്ലാതെ ഇങ്ങിനെ ഒരു ബില്ല് കൊണ്ടുവന്ന അദ്ദേഹത്തിൻറെ മനഃസ്ഥിതിയെപ്പറ്റി ഞാൻ മനസ്താപിക്കുന്നു.

**Chairman**: ബില്ലിലുള്ള ദോഷങ്ങൾ എന്താണെന്നു മൂണ്ടിക്കാണിക്കണമെന്നാണു മെമ്പർ പറഞ്ഞത്.

**Mr. J. John Kattakayam**: ബഹുമാനപ്പെട്ട അദ്ധ്യക്ഷൻനീതിന്യായാധിപനായിരുന്ന ഒരാളാണ്. കയ്യേറ്റം എന്നുവെച്ചാൽ എന്താണെന്നു ഞാൻ താണുവീണുകേണ് ചോദിച്ചുകൊള്ളുന്നു. കയ്യേറ്റം എന്നുപറയുന്ന ശുക്ഷ്മമായ ആ പദത്തിൻറെ തത്വത്തെപ്പറ്റിയാണു ഞാൻ പറയുന്നത്. ആ പദത്തെ ഈ ബില്ലിൽ കൊണ്ടുവരുന്നതിനുള്ള കാരണത്തെപ്പറ്റി പറയുമ്പോൾ അതിനെപ്പറ്റി രണ്ടുവാക്കു പറയാതിരിക്കുവാൻ എൻറെ മിനാന്തകമ്പ എന്നെ അനുവദിക്കുന്നില്ല.

**Mr. Komilezhathu Sankaran**: ഈ രാജ്യത്തെ ഭൂമിയുടമസ്ഥന്മാരെയും ദേഹണ്ഡക്കാരെയും താരതമ്യപ്പെടുത്തി നോക്കിയാൽ ദേഹണ്ഡക്കാരല്ലെ ഇവിടെ കൂടുതലുള്ളത്?

**Mr. J. John Kattakayam**: ഭൂമിയുടമസ്ഥർ പരിമിതമായിട്ടെയുള്ളൂ. ബഹുഭൂരിപക്ഷവും ദേഹണ്ഡക്കാരാണ്. ഈ ബഹുഭൂരിപ

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

ക്ഷത്തിന്റെ മേൽ കുതിരകയറുന്നതിനുള്ള ഷൈലോക്ക് മനഃസ്ഥിതിയോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

**Mr. Komilezhathu Sankaran** : ഈ ഫാ ലക്ഷംതന്നെയും വാസ്തവത്തിലുള്ള ജന്മിമാരല്ല. യഥാർത്ഥജന്മിമാർ വളരെക്കുറവാണ്. അങ്ങിനെയുള്ള ഈ രാജ്യത്തു കയ്യേറ്റം അനുവദിക്കാതെ... ...

**Mr. Kayalam Parameswaran Pillai** : കയ്യേറ്റം ചെയ്യുന്ന ആളിനു ദേഹണ്ഡം കൊടുക്കണമെന്നോ വേണ്ടന്നോ പറയുന്നത്?

**Mr. J. John Kattakayam** : ആർ ഭൂമിയിൽ കയറി ഭൂമി നന്നാക്കിയൊ ആ ആൾ തന്നെ ശരിയായ പ്രയത്നഫലത്തിന് അർഹനാണു. നമ്മുടെ ബ. മെഹക്കോടതി ഇങ്ങിനെ നിരന്തരമായും നിശ്ശങ്കമായും വിധിച്ചുകൊടുക്കുന്നും ഉണ്ട്.

**Chairman** : ഉത്തരം പറയുന്നതു കേൾക്കുന്നില്ല.

**Mr. J. John Kattakayam** : വസ്തു ഉടമസ്ഥന്റെ അനുവാദം വാങ്ങിച്ചുകൊണ്ടു വസ്തുവിൽ കയറിയാൽ ആ കയ്യേറ്റത്തെ അനുവദിച്ചുകൊടുക്കുന്നുണ്ട്. എന്റെ സ്ഥലത്തു ഞാൻ ആധാരപ്രകാരമല്ലാതെ ചിലക്കു വസ്തു കൊടുത്തിട്ടുണ്ട്. അവർ എന്റെ കുടിക്കാരാണ്.

**Mr. K. P. Nilakanta Pillai** : Can a member be allowed to repeat the very same thing in the course of the same speech a dozen times, Sir?

**Chairman** : He is going to the next topic.

**Mr. J. John Kattakayam**: ബില്ലിനു സമയക്ലിപ്തമില്ലെന്നു എനിക്കറിയാം ആവശ്യമുള്ള സമയം അതിനെപ്പറ്റി പറയാം. ബില്ല് നിയമമാകാൻ പോകുന്ന അവസരത്തിൽ അതിനെപ്പറ്റി വിശദമായി പറയേണ്ടതു് അത്യാവശ്യമാണ്.

**Chairman**: ആവശ്യനം കൂടാതെ പറയണം.

**Mr. J. John Kattakayam**: ചില പദങ്ങൾ അങ്ങിനെ വന്നുപോകും മലയാളത്തിന്റെ സ്ഥിതിതന്നെ അങ്ങിനെയാണ്. അതുകൊണ്ടു വല്ല അവിവേകനവും ഉണ്ടെങ്കിൽ അതിനെ ക്ഷമിക്കണം.

ചിലർക്കു വാക്കാൽ കൊടുത്തിട്ടുണ്ട്. ആധാരപ്രകാരം കൊടുത്തിട്ടുള്ളതു രണ്ടുമൂന്നുപേർക്കുമാത്രമേയുള്ള. ബാക്കിയെല്ലാം വാക്കാൽ കൊടുത്തിരിക്കയാണ്. അവർ കുടിവേലക്കാരാണ്. എന്റെ പണം കൊണ്ടു വേലചെയ്യു എന്നു പറഞ്ഞാൽ അല്ല എന്നു പറയാൻ സാധിക്കുകയില്ല. ഞാനാണു കരംകൊടുക്കുന്നതു്. അവർ പാട്ടംപോലും തന്നില്ല ഉണ്ടെന്നു റിക്കാർഡും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

**Mr. K. P. Nilakanta Pillai:** ഈ ബിൽ പാസായാൽ അവരിൽനിന്നും കരം ഈടാക്കാൻ നിരബന്ധിക്കുകയില്ലേ?

**Mr. J. John Kattakayam :** ബില്ല് പാസാക്കിയിട്ടുവേണം അതു നിശ്ചയിക്കാൻ. ഇപ്പോൾ പാസാക്കണമോ വേണ്ടയോ എന്നാണു നിശ്ചയിക്കേണ്ടതു്.

**Mr. M. N. Parameswaran Pillai:** പാസാക്കിട്ടുള്ളതിലുള്ള ദോഷത്തെപ്പറ്റി ആലോചിക്കേണ്ടേ?

**Mr. J. John Kattakayam :** ദോഷത്തെപ്പറ്റിയാണു പറയുന്നതു് നിയമസഭാമെമ്പർമാർ കേട്ടു തീരുമാനിക്കണം.

**Mr. M. N. Parameswaran Pillai:** ഇതുവരെ ബില്ലിനെപ്പറ്റി ഒന്നും പറഞ്ഞില്ല.

**Mr. J. John Kattakayam:** ഒരു മണിക്കൂറായി പറഞ്ഞുതുടങ്ങിയിട്ടു്. ഞാൻ ബില്ലിനെപ്പറ്റി ഒന്നും പറഞ്ഞില്ലെ? ഇതുതാനാപ്പലോകം!! ദേഹണ്ഡത്തെപ്പറ്റി തർക്കമുണ്ടായാൽ അതിനു വേണ്ടതെളിവു കൊടുക്കേണ്ടതു ദേഹണ്ഡക്കാരനാണു്. അല്ലെങ്കിൽ ദേഹണ്ഡം കിട്ടുകയില്ല. രജിസ്റ്റർ ആധാരം കൊടുത്തതനുസരിച്ചു ദേഹണ്ഡിച്ചു ആളിനു് ദേഹണ്ഡവില കിട്ടുമെന്നു പറയുന്നുണ്ടു്. എന്നാൽ അതിന്റെ വില ക്രമാനുഗതമായി വർദ്ധിച്ചു കൊണ്ടിരിക്കണമെന്നും പറയുന്നുണ്ടു്. ഏതു ഭൂമിയായാലും അനധികൃതമായി പ്രവേശിച്ചു ദേഹണ്ഡിച്ചാൽ അതിനു ദേഹണ്ഡമില്ല. കൈവശക്കാരനിൽനിന്നും അതിനെ ഒഴിപ്പിച്ചെടുക്കുമ്പോൾ അവനു ദേഹണ്ഡം കൊടുക്കണമെന്നുള്ളതു വെറും നീതിപരമായിട്ടുള്ളതാണു്.

**Mr. M. N. Parameswaran Pillai:** അതിനു് അമെൻറുമെൻറു് ഉണ്ടെന്നുള്ളതു മെമ്പർക്കറിയാമോ?

**Mr. J. John Kattakayam:** അമെൻറുമെൻറു വരുമ്പോൾ അതിനെപ്പറ്റി പറയാം.

**Mr. E. P. Varghese:** അമെൻറുമെൻറു എന്താണെന്നു മനസ്സിലാക്കീട്ടുണ്ടോ?

**Mr. J. John Kattakayam:** ഞാൻ എങ്ങനെ മനസ്സിലാക്കാനാണു്? തരേണ്ട ചുമതലയുള്ളവർ അതു നോക്കേണ്ടതാണു്.

**Mr. Kayalam Parameswaran Pillai :** ഇൻറർപ്പെലേഷൻ എന്താണെന്നു മനസ്സിലാക്കീട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

**Mr. J. John Kattakayam**: അതിന്റെ ആവശ്യം വന്നതു കൊണ്ട് അതിനെപ്പറ്റി മനസ്സിലാക്കി. അതുപോലെ ഇതിന്റെആവശ്യമുണ്ടെന്നു തോന്നുമ്പോൾ അതിനെപ്പറ്റിയും മനസ്സിലാക്കും. അപ്പോൾ അതിനെപ്പറ്റി പറയാം.

വില കൊടുക്കുന്ന സംഗതിയെപ്പറ്റി ഒരു ക്ലിപ്തമായ സമയം ഇവിടത്തെ ഹൈക്കോടതിയിൽ നിന്നും അംഗീകരിച്ചിട്ടുണ്ട്. ഈ ബിൽ നിയമമാകുന്നതായാൽ ഹൈക്കോടതിയിൽ അംഗീകരിച്ചിട്ടുള്ള തത്വങ്ങളിൽനിന്നും വ്യതിചലിക്കേണ്ടിവരുന്നതാണ്. വ്യാകരണം ഉണ്ടാക്കുന്നതു ഭാഷയെ അനുസരിച്ചാണ്. വ്യാകരണമനുസരിച്ചല്ലാ ഭാഷയുണ്ടാക്കേണ്ടതു്. അതുപോലെ നാട്ടുനടപ്പനുസരിച്ചു നിയമം ഉണ്ടാക്കണം. ആവശ്യം അനുസരിച്ചാണു നിയമം ഉണ്ടാക്കേണ്ടതു്. മോട്ടാർകാർ വന്നപ്പോൾ അതിനെ നിയന്ത്രിക്കുന്നതിനു റഗുലേഷൻ ഉണ്ടാക്കി. ഇതിനു മുൻപു മോട്ടാർ റഗുലേഷൻ നമ്മുടെരാജ്യത്തില്ലായിരുന്നു. നടപ്പിലിരിക്കുന്ന സകലചട്ടങ്ങൾക്കും വിപരീതമായിട്ടാണ് ഈ ബിൽകൊണ്ടുവന്നിട്ടുള്ളതു്. ഇങ്ങിനെ ഒരു ബില്ലിന്റെ ആവശ്യം തീരെ ഉണ്ടായിരുന്നില്ല. ഏതോ ചില വ്യക്തികളുടെ ആവശ്യമനുസരിച്ചാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്. അസംബ്ളിയിൽ വന്നപ്പോൾ അതു രൂപാന്തരപ്പെട്ടു. ആദ്യംകൊണ്ടുവന്ന രീതിയിലല്ല ഇന്നു ഈ ബിൽ ഇരിക്കുന്നതു്. അവതാരകന്റെ ഉദ്ദേശത്തിൽ കുറെക്കൂടി വിപുലപ്പെടുത്തിയാണു സിലക്ട് കമ്മറ്റിബിൽ കൊണ്ടുവന്നിട്ടുള്ളതു്. സിലക്ട്കമ്മിറ്റിയുടെ കൈയ്യിൽ ബിൽ കിട്ടിയപ്പോൾ നമ്മുടെ കാർഷികപ്രശ്നനിവാരണ കമ്മിറ്റിക്കാരുടെറിപ്പോർട്ടു പഠിച്ചു ബില്ലാക്കിയതുപോലെ ഇപ്പോൾ നമ്മുടെ മുൻപാകെയിരിക്കുംപോലെ രൂപാന്തരപ്പെട്ടു. അത്രമാത്രം വ്യത്യാസം ഈ ബില്ലിനുണ്ട്. ഏതോ ജന്മിമാർ ചിലർക്കുവേണ്ടി ഉണ്ടാക്കിയ ബില്ലെന്നാണ് എനിക്കു തോന്നുന്നതു്. അങ്ങിനെ വേഷം മാറിവന്നിരിക്കുകയാണ് ഇതുവരെ ഹൈക്കോടതിയിൽ അംഗീകരിച്ചിട്ടുള്ള തത്വങ്ങൾക്കു വിപരീതമായിട്ടാണു ഈ ബിൽ എന്നുള്ളതു് അതിന്റെ ഏതു ഭാഗം വായിച്ചാലും മനസ്സിലാകും. ജോണ്ടം കൊടുക്കുന്ന സംഗതിയെപ്പറ്റി 60 വർഷത്തിനു മുൻപു നമ്മുടെ ഹൈക്കോടതിയിൽ തീരുമാനിച്ചിട്ടുണ്ട്. അതിനെ ഏതാവൽപര്യന്തം ഒരു വ്യക്തിപോലും അപ്പീൽ പിച്ചിട്ടുമില്ല. ഹൈക്കോടതിയിൽ നടക്കുന്ന അഴിമതികളെപ്പറ്റിയും മറ്റും ഞാനും പറഞ്ഞിട്ടുണ്ട്. ഹൈക്കോടതിയിലെ ജോണ്ടത്തിലയെപ്പറ്റിയുള്ള തീ

LIBRARY ARCHIVES Kerala Legislative Assembly

ർച്ചയെ സംബന്ധിച്ച് ആരെങ്കിലും ആക്ഷേപിക്കുകയൊ ഇങ്ങിനെ ഒരു ബില്ലു കൊണ്ടുവരണമെന്നു ഗവൺമെൻറിനെയൊ ഈ നിയമസമിതിയേയൊ അറിയിക്കുകയൊ ചെയ്തിട്ടില്ലാത്ത സ്ഥിതിക്ക് ....

**Chairman:** ഇതു് ഒരിക്കൽ പറഞ്ഞതാണ്.

**Mr. J. John Kattakayam:** എന്നാൽ അതിനെവിട്ടേക്കാം.

**Mr. M. N Paramesvaran Pillai:** മെമ്പർ വായിക്കുന്നതു ഗവൺമെൻറു കലണ്ടറിൽ നോക്കിയാണോ?

**Mr. J. John Kattakayam:** മറുപടി പറവാൻ സമയമില്ല. അനധികൃതമായ കൈവശക്കാരനു ദേഹണ്ഡത്തിനു അവകാശമില്ലെന്നു ഏ. പാരാവിൽ പറയുന്നു.

**Mr. M. N. Paramesvaran Pillai:** It has been ruled by the President, Sir, that, at this stage members are not entitled to discuss the provisions of the Bill, clause by clause. In spite of that ruling, Mr. Kattakayam is doing it.

**Mr. J. John Kattakayam :** ക്ലാസ്സ് ക്ലാസ്സായി പറയുന്നില്ല. വകുപ്പുകളെപ്പറ്റി പറയാതെ എങ്ങിനെയാണ്?

**Chairman:** സംഗതിയെപ്പറ്റി പറയുന്നെങ്കിൽമാത്രം അവകുപ്പിനെപ്പറ്റി പറയാം.

**Mr. J. John Kattakayam:** എന്റെ മാന്യസ്നേഹിതൻ പറഞ്ഞതു അബദ്ധമാണ്. ഞാൻ ക്ലാസ്സ് ക്ലാസ്സായി പറഞ്ഞിട്ടില്ല. മൂന്നാം വകുപ്പ് എന്നു പറഞ്ഞപ്പോൾ എന്റെ മാന്യസ്നേഹിതൻ അതിനെ ചാടിപ്പിടിച്ചിരിക്കുന്നു.

**Mr. N. Ramakrishna Pillai :** I rise to a point of order. The member is discussing the point raised by Mr. M. N. Paramesvaran Pillai and not the Bill.

**Chairman :** ബില്ലിനെപ്പറ്റി പറയണം. സ്നേഹിതന്മാരൊക്കെപ്പോകട്ടെ.

**Mr. J. John Kattakayam :** അതു് ഇടക്കു പറഞ്ഞു പോയതാണ്. മനുഷ്യപ്രകൃതമാകയാൽ ചിലപ്പോൾ ഇങ്ങിനെയൊക്കെ സംബോധന ചെയ്തുപോകും.

മരുമക്കത്തായ കുടുംബത്തിൽനിന്നു സമീപകാലത്തും മുൻപും പ്രതിഫലംകൊടുത്തു് അനേകം പേർ വസ്തുക്കൾ വാങ്ങിച്ചിട്ടുണ്ട്. അതുകാരണവന്മാരിൽനിന്നുമാണ്. ചിലർ ഇളമുറക്കാരിൽനിന്നും വാങ്ങിച്ചിരിക്കും. പണം കുടുംബത്തിൽ ന്യായമായി ചിലവാക്കും. കാരണവർ ഇളമുറക്കാരെകൊണ്ടു കേസുകൊടുപ്പിക്കും. വസ്തു എഴുതികൊടുത്ത ആൾ കാരണ



LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

വരും വസ്തുഎഴുതിവാങ്ങിയ ആളും പ്രതിബന്ധത്തിലായി: വാദിയായ ഇളമുറക്കാരനും പ്രതിയായ കാരണവരുംകൂടി കച്ചേരിയിൽ വരുന്നതു വരെഒന്നുമിച്ചായിരിക്കും. കേസുവിളിക്കുമ്പോൾമാത്രം പ്രതിബന്ധത്തിലായി. ഇങ്ങിനെ മരുമക്കത്തായകുടുംബക്കാർ കബളിപ്പിച്ചു അനേകംകരണങ്ങൾ നഷ്ടപ്പെട്ടു. തന്നിമിത്തം പണവും പൊയ്പോയി, താളശന്മാർക്കു പിന്നെ ഏകാവലംബമായിട്ടുള്ളതു് അവരുടെ കൈവശമുള്ള വസ്തുക്കളും അതിലേ ദേഹണ്ഡങ്ങളും മാത്രമാണു്. ഈ ബിൽകൊണ്ടു ദേഹണ്ഡവിലകൂടി കൊടുക്കണ്ടാ എന്ന നിലയിൽ ആയിട്ടുണ്ടു്. "അരിയും തിന്നു ആശാരിച്ചിയേയും കടിച്ചു പിന്നെയും നായിക്കു മുറുമുറുപ്പു" എന്നു പറഞ്ഞവിധത്തിലാണു് ഈ ബില്ലിനേ ഞാൻ ഉപമിക്കുന്നതു്. അനധികൃതമെന്നുള്ളതിൽ കൂത്തിചെലുത്തിവച്ചിരിക്കുന്നതു് ഇതാണു്. മണ്ണിൽ വേലചെയ്താൽ ദേഹണ്ഡവിലപോലും കിട്ടാതിരിക്കുന്നതിനാണു് അനധികൃതമായ കൈയേറ്റം എന്നു പറഞ്ഞിരിക്കുന്നതു്. ഒറിയുടെയോ മറുതരത്തിലൊ വസ്തുവാങ്ങിച്ചാൽ അവർ അതിനു കൊടുത്തിരിക്കുന്ന പണത്തിനും പുറമെ അവന്റെ ജീവിതസർവസ്വമായി കരുതുന്ന ദേഹണ്ഡവിലപോലും കൊടുക്കാതെ അവനെയും അവന്റെ കുഞ്ഞുകുട്ടികളെയും ഇറക്കിവിടത്തക്ക രീതിയിലാണു് ഈ ബിൽകൊണ്ടുവന്നിരിക്കുന്നതു്. എത്രയൊ അനീതിപരമായിട്ടുള്ള ഒരു സംഗതിയാണു് ഇതു്. ഇതിനെ പരസ്യമായി പറയാതെയിരുന്നാൽ എങ്ങിനെ മനസ്സിലാകും? മരുമക്കത്തായകുടുംബത്തിലെ അംഗങ്ങൾ വാദിയായി വസ്തുഎഴുതി വാങ്ങിച്ചയാളിനെയും കാരണവനെയും പ്രതിയാക്കിയാണു കേസുകൊടുക്കുന്നതു്. കാരണവനും മരുമകനും കോടതിയിൽ വരുമ്പോൾമാത്രം രണ്ടായും വെളിയിൽ ഇറങ്ങിയാൽ ഒന്നായും ആണു കണ്ടുവരുന്നതു്. ഇങ്ങനെ കൊടുത്തിട്ടുള്ള വസ്തുക്കളെ ദേഹണ്ഡം കൊടുക്കാതെ അപഹരിച്ചെടുക്കുന്നതിനുള്ള ഒന്നാംതരം ഷൈലാക്കു മനസ്ഥിതിയാണു് ഈ ബില്ലിൽ കാണുന്നതു്. ഇളമുറക്കാരനോടു എഴുതിവാങ്ങിച്ചാലുള്ള ഫലം ഇതാണു്. അനുമതിയോടുകൂടി എന്നും ഇല്ലാതെ എന്നും വച്ചിരിക്കുന്നതു് ഇതിനാണു്. ഇത്ര ഭയാനകമായ ഒരു ബില്ലുണ്ടോ നമ്മുടെ ആലോചനക്കു വിഷയമാക്കേണ്ടതു്? ഏ. പിരിവു കുറെക്കൂടി വിശദമായി മനസ്സിലാക്കേണ്ടതാണു്. മൂന്നുതരത്തിലുള്ള സംഗതികൾക്കു ദേഹണ്ഡം കൊടുത്തുകൂടാ എന്നു പറയുന്നു. യാതൊരു അവകാശവുമില്ലാതെയുള്ള കൈയേറ്റത്തിനു തനിക്കു സിദ്ധിക്കുന്ന അവകാശം അസാധുവാണെന്നറിഞ്ഞുകൊണ്ടു വസ്തുവിൽ പ്രവേശിക്കുന്നവനും അസാധുവാണെന്ന പരിചയംകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളവനും ഭേദഗണ്ഡവിലകൊടുക്കാൻ പാടില്ലെന്നവ്യവസ്ഥചെയ്തിരിക്കുന്നു. ഈ വ്യവസ്ഥയിൽ എല്ലാഭേദഗണ്ഡവും ഉൾപ്പെട്ടും. ഏതെല്ലാമെന്നു എടുത്തുപറഞ്ഞാൽ പുനരാവർത്തന ദോഷമുണ്ടെന്നു പറയും. പ്രത്യേകിച്ചും മരുമക്കത്തായ കുടുംബത്തിലും ജന്മിമാരുടെ കുടുംബത്തിലുംനിന്നു തീറോ, കാഴിയൊ വാങ്ങി വസ്തുവിൽ ഭേദഗണ്ഡിച്ചാൽ ആ ആളിന്ന് ഈ ബില്ലു നടപ്പിൽവന്നാൽ പെരുവഴിതന്നെ ആധാരം. ഈ ഭാഗങ്ങളെപ്പറ്റി ഇരുപതുനേരം നിശിതമായിട്ടുള്ള വിമർശനത്തിനു വിധേയമാക്കീട്ടുള്ളതു നിമിത്തം സാധുക്കളായ കർഷകന്മാർക്കു ഒരു വക്കീലിൽനിന്നും കിട്ടുന്ന വാദമുഖങ്ങൾപോലെ അനുഗ്രഹപ്രദമായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്. ഈ അഭിപ്രായത്തെ എന്റെ മാന്യസ്നേഹിതന്മാർ സശിരസ്കമ്പം സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. ആധാരം അസാധു എന്നു വിധി സമ്പാദിച്ചാൽപിന്നെ വസ്തു ഒഴിപ്പിക്കേണ്ടതാവശ്യമില്ല. വർഗ്ഗീയമായി യാതൊരു സംഗതിയിലും ബഹളംകൂട്ടാത്ത ആളാണ് ഞാൻ. എന്നാൽ ഒരു വർഗ്ഗവിഭാഗത്തെ മറ്റുള്ളവർക്കു നിഷ്കണ്ടകമണം ദ്രോഹിക്കുന്നതിനു പര്യാപ്തമായവിധത്തിലാണ് ഈ ബിൽ ആസൂത്രണം ചെയ്തിരിക്കുന്നതു്. ഈ തരത്തിലുള്ള ഒരു ബില്ലു കൊണ്ടുവന്ന രാജ്യത്തിൽ വർഗ്ഗീയവൈരത്തെ വർദ്ധിപ്പിക്കുന്നതിനു അനുവദിക്കാമോ? രാജ്യാഭിമാനമുള്ള ഒരു പൗരനു് വർഗ്ഗീയവിദ്വേഷമില്ലാത്ത ഒരു പൗരനു് ഇതിനെ വച്ചുപൊറുപ്പിക്കാൻ കഴിയുമോ?

The House rose for lunch at 1 P. M. and re-assembled at 2 P. M. with Mr. M. N. Parameswaran Pillai, one of the Panel of Chairman, in the Chair.

**Mr. J. John Kattakayam** : വസ്തുകൈവശത്തെപ്പറ്റിയാണിരുന്നല്ലോ ഞാൻ ഇതുവരേയും പറഞ്ഞതു്.

**Mr. E. P. Varghese** : Sir, I rise to a point of order. We find some private publications placed on our table. Is it permitted to place on our table anything other than Council papers? The pamphlets refer to the Bill before the House and are by private persons. I may also point out that they contain personal insinuations against some of the members of this House.

**Chairman** : With regard to the pamphlet placed there I may say that no pamphlets could be placed here without the order of the Chair. It is improper to use this Chamber as a place for circulation of anything in the shape of propaganda not strictly and officially connected with the business of the House. This is a matter for enquiry and I shall ask the Secretary to enquire into the matter and see how these came to be distributed here.

LIBRARY ARCHIVES Kerala Legislative Assembly

**Mr. N. Ramakrishna Pillai :** There are other pamphlets also. That too may be enquired into.

**Mr. J. John Kattakayam :** ബില്ലിനെ സംബന്ധിച്ചു വാദപ്രതിവാദങ്ങൾ നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ അതിനോടനുകൂലിക്കുന്ന പ്രസിദ്ധീകരണങ്ങൾ ഒരു ഭാഗത്തുനിന്നും വിതരണം ചെയ്യുന്നുണ്ടെങ്കിൽ മറുഭാഗത്തുനിന്നും അതുപോലെതന്നെ പ്രതികൂലമായ പ്രസിദ്ധീകരണങ്ങൾ വിതരണംചെയ്യുന്നതു് അനുവദനീയമല്ലെ?

**Chairman:** ഇതേപ്പറ്റി വേണ്ടപോലെ അന്വേഷിക്കാം. എന്നുപറഞ്ഞുവല്ലോ. അതിനാൽ ഈ കാര്യത്തെ സംബന്ധിച്ചു നിങ്ങൾ ഒന്നും സംസാരിക്കണമെന്നില്ല.

**Mr. J. John Kattakayam:** സർ, ഞാൻ എഴുതിയ ഒരു പ്രസിദ്ധീകരണമാകകൊണ്ടാണു ചില മെമ്പറന്മാർ ഇതിൽ ആക്ഷേപം പുറപ്പെടുവിച്ചതെന്നു ഞാൻ സംശയിക്കുന്നു. മറുള്ള ആളുകളും ഇതുപോലെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഞാൻ എഴുതിയ പ്രസിദ്ധീകരണത്തിൽ ഞാൻ നോക്കുന്നതുതന്നെ ചിലക്കു വിഷമതയുണ്ടാക്കുന്നതായി കാണുന്നു. ഞാൻതന്നെ എഴുതിയതാണു്. അല്ലാതെ മറെറാരാളിനെക്കൊണ്ടു് എഴുതിച്ചതല്ല.

**Chairman:** നിങ്ങളുടെ പ്രസിദ്ധീകരണം സഭയുടെ ഒരു വാദവിഷയമായി വന്നിട്ടില്ല. അതു നിങ്ങളുടെ കൈവശം വച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി ആരും ആക്ഷേപം പുറപ്പെടുവിച്ചതുമില്ല.

**Mr. J. John Kattakayam :** ഞാൻ അതിൽ നോക്കാൻ പാടില്ല എന്നുപറഞ്ഞ ആളുകളും ഇവിടെയുണ്ടു്.

**Chairman:** അങ്ങിനേയുള്ള ആളുകളെപ്പറ്റി ഒന്നും ഇവിടെ ആരും പറഞ്ഞിട്ടില്ല. നിങ്ങൾ ബില്ലിനെപ്പറ്റി സംസാരിക്കുക.

**Mr. Kochikal P. Balakrishnan Tampi:** By way of personal explanation, Sir, I may say that I pointed out to the Chair that the honourable member was reading from a Malayalam article from the beginning to the end.

**Chairman :** No honourable member of this House will be entitled to read from the newspapers or from a written speech.

**Mr. J. John Kattakayam:** ഇതു നോട്ടണ്ടു്. അതെനിക്കു വായിക്കാൻ പാടില്ലേ?

**Chairman:** നിങ്ങൾ ബില്ലിനെപ്പറ്റി സംസാരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

**Mr. J. John Kattakayam :** ദേഹണ്ഡക്കാരന്റെ വസ്തുക യ്യേറ്റത്തെ സംബന്ധിച്ചാണല്ലോ ഞാൻ ഇതുവരെയും പറഞ്ഞതു്. അതു മൂന്നുതരത്തിലുണ്ടു്. ആധാരപ്രകാരമുള്ള കയ്യേറ്റം, ഭൂമി ഉടമസ്ഥന്റെ അനുമതിയോടുകൂടിയുള്ള കയ്യേറ്റം, അല്ലാതേയുള്ള കയ്യേറ്റം. ഇങ്ങനേയുള്ള പല കയ്യേറ്റങ്ങളും ഉണ്ടെന്നുള്ളതു ഞാൻ മുൻപുതന്നെ പറഞ്ഞുകഴിഞ്ഞു.

**Mr. Komilezhathu Sankaran :** അനുമതിയോടുകൂടിയുള്ള കയ്യേറ്റം എന്നുവച്ചാൽ എന്താണു് അർത്ഥം?

**Mr. J. John Kattakayam:** അനുമതി എന്നുപറഞ്ഞതു് ആധാരപ്രകാരമല്ലാതിരിക്കും. വെറും വാക്കാലുള്ള അനുമതിയെ കിട്ടിയുള്ളു എന്നുവരാം. അതു കായ്യം തെളിയിക്കുന്നതിനു് ഈശ്വരനാണു് ഒന്നാമത്തെ സാക്ഷി. സമീപമുള്ള ആളുകളായിരിക്കും രണ്ടാമത്തെ സാക്ഷികൾ. ജന്മിമാർ ധനാഢ്യന്മാരായിരിക്കും. അതിനാൽ സമീപസ്ഥലങ്ങളിൽ അവക്കുള്ള സ്വാധീനക്കുട്ടുതൽ നിമിത്തം അവക്കെതിരായി ഒരു വസ്തു ദേഹണ്ഡക്കാരനു കൊടുത്തു എന്നു സമ്മതിക്കുവാൻ അവിടെയുള്ള ജനങ്ങൾ സാധാരണ തയ്യാറാകുകയില്ല. അതുകൊണ്ടു ജന്മിമാരുടെ വാക്കാലുള്ള അനുമതികളെ തെളിയിക്കുന്നതിനു പ്രായേണ ദേഹണ്ഡക്കാരനു വളരെ പ്രതിബന്ധങ്ങൾ ഉണ്ടു്. ഇതു് ഈ കായ്യത്തിലെന്നല്ല മറ്റു പലതിലും അനുഭവമായിട്ടുള്ളതാണു്. ഇങ്ങനേയുള്ള കായ്യങ്ങൾ തെളിവിൽ കൊണ്ടുവരുവാൻ, തുല്യശക്തികൾക്കുപോലും വിഷമമുള്ള ഇക്കാലത്തു അശക്തന്മാരായ ദേഹണ്ഡക്കാരുടെ കഥ പറയാനുണ്ടോ? അനീതിയായും അധർമ്മമായും അക്രമമായും ഇവരെ ഇങ്ങനെ ഉപദ്രവിക്കുന്ന അനേകം ജന്മിമാരുണ്ടു്.

**Mr. Komilezhathu Sankaran :** ഈവക അനീതികളേയും അധർമ്മങ്ങളേയും തടയുവാൻ ഒരു നിയമം അത്യാവശ്യമല്ലയോ?

**Mr. J. John Kattakayam :** നിയമം അത്യാവശ്യമുണ്ടു്. പക്ഷേ ഇതുമാതിരി നിയമം വേണമെന്നു വിവരമുള്ളവരാരും പറയുകയില്ല. നിയമങ്ങൾ പലതും നിലവിൽ ഇരിക്കുന്നുണ്ടു്. അവയെ ആദരിച്ചു പ്രവർത്തിക്കുക എന്നുള്ളതു സാമാന്യന്മാരെക്കൊണ്ടു സാധിക്കുന്നതല്ല. തന്നേയുമല്ല അത്തരം നിയമങ്ങൾക്കു് അനുസരണമായി ഈവക കായ്യങ്ങളെല്ലാം തെളിവിൽ കൊണ്ടുവരുന്നതിനു വളരെ പ്രയാസമുണ്ടു്. പോലീസുകാരുടെ ക്രിയകളെപ്പറ്റി എന്റെ മാന്യസ്നേഹിതന്മാർ കേട്ടിരിക്കുമ

LIBRARY ARCHIVES Kerala Legislative Assembly

[Mr.J. John Kattakayam]

ല്ലോ? അങ്ങിനേയുള്ള ഒരു രാജ്യത്തു സാധുക്കളെപ്പററി വിചാരിക്കുന്നതിനും അവരുടെ സങ്കടങ്ങൾ പുറത്തുകൊണ്ടുവരുന്നതിനും ആരും തയ്യാറാകുകയില്ല.

**Mr. Kochikal P. Balakrishnan Tampi:** I rise to a point of order. The honourable member is taking too much of the time of the House by repetition. The same things he has been saying over and over again. He has been crying himself hoarse about the sufferings of the poor without any reference to the provisions of the Bill. Therefore I humbly pray that the Chair may be pleased to ask the honourable member to come to a close.

**Chairman:** മി. കട്ടക്കയം, ഒന്നേമുക്കാൽ മണിക്കൂർ നേരമായി, നിങ്ങൾ ഈ ബില്ലിനെപ്പററി സംസാരിച്ചു തുടങ്ങീട്ട്. ഇതുവരെ അതിന്റെ സാരാംശത്തെപ്പററി പറഞ്ഞിട്ടില്ലാ എന്നാണു തോന്നുന്നത്. ഒരു ബില്ലിനെപ്പററി ഒരു മെമ്പർ പറയുന്ന സംഗതികൾ ആ ബില്ലിന്റെ കാര്യഭാഗങ്ങളെ സ്പർശിക്കുന്നില്ല എന്നു കണ്ടാൽ അങ്ങിനെയുള്ള പ്രസംഗം തടയുന്നതിന് പ്രസിഡന്റിനു അധികാരമുണ്ട്. ആ അധികാരം ഉപയോഗിക്കാനിടയാക്കാതെ നിങ്ങൾക്കു ബില്ലിനെപ്പററി പറയുവാനുള്ളതു് എന്താണെന്നുവച്ചാൽ പറയണം.

**Mr. J. John Kattakayam:** സർ, ജനങ്ങൾക്കു വളരെ ഭയങ്കരമായ വ്യസനത്തെ ഉണ്ടാക്കുന്ന ഒരു ബില്ലാണിതു്. അവർക്കുള്ള സങ്കടങ്ങൾ എന്തെല്ലാമാണെന്നു ഞാൻ ഓരോന്നായി പറയാം. എപ്പോൾ അർഡർ കിട്ടുന്നുവോ, അപ്പോൾ പ്രസംഗം നിറുത്തുകയും ചെയ്യാം.

**Chairman:** ബില്ലിനെപ്പററി നിങ്ങൾക്കു പൊതുവെ പറയാം, എന്നല്ലാതെ അതിന്റെ ഉള്ളിലേക്കു കടന്നു ഓരോ സംഗതികളേയും പററി പ്രത്യേകം പ്രത്യേകം പറയുവാൻ അനുവദിക്കുന്നതല്ലാ.

**Mr. J. John Kattakayam:** ഇടയ്ക്കിടയ്ക്കു ചോദ്യങ്ങൾ ചോദിക്കുന്നതുകൊണ്ടു് ഉത്തരം പറയേണ്ടി വരുന്നതുകൊണ്ടും, ബില്ലിന്റെ ഉള്ളിലേക്കു കടന്നു പോകുന്നതാണു്. ഉത്തരം കൊടുക്കേണ്ടാ എന്നു് അദ്ധ്യക്ഷസ്ഥാനത്തുനിന്നു് എപ്പോൾ അർഡർ കിട്ടുന്നുവോ, അപ്പോൾ അതും സ്വീകരിച്ചു കൊള്ളാം.

ബില്ലിനകത്തു പോയി ഒരു ഭാഗത്തു കാണുന്നതു് എന്താണെന്നു നോക്കാം. സർ, നോട്ടുനോക്കാൻ സമ്മതിക്കാത്തതു കൊണ്ടു് ഈ ബിൽ നോക്കുന്നതിനു് എനിക്കു കുറച്ചു സമയം തരണം.

**Mr Komilezhathu Sankaran:** നോട്ടുനോക്കാൻ പാടില്ല എന്നു് അദ്ധ്യക്ഷസ്ഥാനത്തുനിന്നും റുള് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

**Mr. J. John Kattakayam:** നോട്ടു നോക്കുന്നതിനെപ്പറ്റി ചിലർ ഇവിടെ ആക്ഷേപം പുറപ്പെടുവിക്കയുണ്ടായി.

**Chairman:** വാദപ്രതിവാദത്തിനുള്ള സമയമല്ലിതു്. നിങ്ങൾക്കു് ബില്ലിനെപ്പറ്റി പറയാം,

**Mr. J. John Kattkayam:** തനിയെവളരുന്ന വൃക്ഷങ്ങൾ എന്നു രണ്ടുതരം വൃക്ഷങ്ങൾ ഉണ്ടു. ഭൂനികുതി കൊടുക്കുന്ന വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതും ബാക്കിയുള്ളവ തനിയെവളരുന്ന വൃക്ഷങ്ങളും ആണെന്നു ബില്ലുകൊണ്ടു മനസ്സിലാക്കുവാൻ ഏതൊരാൾക്കും നിഷ്പ്രയാസം സാധിക്കുന്നു. ഈ തത്വം അനുസരിച്ചു നോക്കിയാൽ ഉത്തരതിരുവിതാംകൂറിൽ തെങ്ങു്, കമുകു്, പ്ലാവു് ഇങ്ങനെ നു. വൃക്ഷങ്ങൾക്കുമാത്രമേ ദേഹണ്ഡവില കൊടുക്കേണ്ടതായിട്ടുള്ളു എന്നുകാണുന്നു.

**Mr. Kochikal P. Balakrishnan Tampi:** Sir, they are also details of the Bill. I beg your pardon, Sir. Past experience teaches us that the honourable member has a tendency to repeat. He has been talking about the same things.

**Chairman:** I have warned him sufficiently. But if he still persists I will have to call him to order.

**Mr. J. John Kattakayam:** തനിയെവളരുന്ന വൃക്ഷങ്ങൾക്കു ദേഹണ്ഡം കൊടുക്കണ്ടാ എന്നും അല്ലാതെയുള്ള വൃക്ഷങ്ങൾക്കു മാത്രം ദേഹണ്ഡം കൊടുത്താൽമതി എന്നും ബില്ലിൽ കാണുന്നു.

**Mr. Kochikal P. Balakrishnan Tampi:** I beg your pardon Sir. Again the member is talking about the details of the Bill.

**Chairman:** I have already said that if I find the member repeating himself again I will have to exercise my powers and call him to order.

**Mr. J. John Kattakayam:** തനിയെ വളരുന്നതായാലും കൊള്ളാം, അല്ലാതുള്ളതായാലുംകൊള്ളാം തെങ്ങു്, കമുകു്, പ്ലാവു് ഇങ്ങനെമൂന്നുതരം വൃക്ഷങ്ങളൊഴിച്ചു മറ്റൊരു വൃക്ഷത്തിനും ദേഹണ്ഡങ്ങൾ കിട്ടുകയില്ല എന്നാണു ബില്ലുകൊണ്ടുകാണുന്നതു്. ഇവയെക്കാൾ ആദായക്കുടുതലുണ്ടാകുന്നതോ, തുല്യആദായം നൽകുന്നതോ ആയ മറ്റനവധി വൃക്ഷങ്ങൾ ഉണ്ടു്. എന്നാൽ അത്തരം വൃക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ദേഹണ്ഡവിലകൊടുക്കേണ്ട എന്നു പറയുന്നതിന്റെ അടിസ്ഥാനം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈവകയ്ക്കും ദേഹണ്ഡം കൊടുക്കേണ്ടതാകുന്നു. കുരുമുളകിനെ സംബന്ധിച്ചു സാമ്പത്തായ ഒരു ദേഹണ്ഡംകൊടുക്കാൻ പറയുന്നുണ്ടെങ്കിലും ശാശ്വതവൃക്ഷങ്ങൾക്കു കൊടുക്കാൻ പറയുന്ന ദേഹണ്ഡം കുരുമുളകിനു കൊടുക്കാൻ വ്യവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

യില്ല. മരതകമണിതോൽക്കും, കുരുമുളകിനാൽ ധനം പെരുത്തായി സമ്പാദിച്ച വിരുതുകാരരായ തിരുവിതാംകൂർകാർ കുരുമുളകിനെ തൃണവൽഗണിക്കുന്നതു ശരിയൊ വാസ്തവത്തിൽ ഫലപ്രദമായ കുരുമുളകിന് മൂന്നു കൊല്ലത്തെ ആദായം മാത്രം കൊടുത്താൽ മതി എന്നു പറയുന്നതിന്റെ അർത്ഥം അജ്ഞാതമായിരിക്കുന്നു. തിരുവിതാംകൂറിനെ വിദേശികളുടെ ദൃഷ്ടിയിൽ ആകർഷണീയമാക്കിത്തീർത്തതു കുരുമുളകാണ്. നമ്മുടെ നാട്ടിലെ സർവ്വവിധകൃഷികളുടേയും സങ്കേതസ്ഥാനം തന്നെ ഈ ബില്ലിൽ വിഗണിച്ചിരിക്കുന്നു.

**Mr. Kochikal P. Balakishnan Tampi**: May I point out again, Sir, that he is not talking about the principles of the Bill. He is talking about certain botanical terms. It is insulting to the intelligence of the House that he should be allowed to continue such dilatory tactics.

**Chairman**: I am sorry to remark that in spite of my warning the honourable member is still going on with tedious and unnecessary talks. I am sorry that I will have to call him to order under Rule 29 of the Legislative Rules, paragraph 72 of the Council Manual.

**Mr. Komilezhathu Sankaran**: I rise to a point of order. Is there any time limit under the rules?

**Chairman**: Although there is no time limit prescribed under the rules, still under paragraph 72 of the Manual, the Chair has discretion to call a member to order if the Chair finds that the member is indulging in irrelevant repetition. Rule 29 says:—

> "The president or other person presiding, after having called the attention of the Chamber to the conduct of a member who persists in irrelevance or in tedious repetition either of his own arguments or of the arguments used by other members in debate, may direct him to discontinue his speech."

Even though there is no specific rule prescribing a limit, the Chair has got the power to call a member to order if there is repetition and irrelevance.

മിസ്റ്റർ കട്ടക്കയം, നിങ്ങൾ പറഞ്ഞ സംഗതികൾ തന്നെ വീണ്ടും പറഞ്ഞുകൊണ്ടിരിക്കുന്നതേ ഉള്ളൂ. അതുകൊണ്ട് ബില്ലിനെപ്പറ്റി എന്തെങ്കിലും പറയാനുണ്ടെങ്കിൽ അഞ്ചുമിനിട്ടുകൊണ്ടു പറഞ്ഞവസാനിപ്പിക്കണം.

**Mr. J. John Kattakayam**: ബില്ലിനെ സംബന്ധിച്ചു ഒരു മെമ്പർ ഇതു സമയമേ സംസാരിക്കാവൂഎന്നു ക്ലിപ തപ്പെടുത്താൻ ചെയറിന് അവകാശമില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

**Chairman**: ഒരു ബില്ലിനെപ്പറ്റി സംസാരിക്കുന്നതിൽ സമയക്ലിപ്തമൊന്നും ചെയ്തിട്ടില്ലെങ്കിലും ഒരു മെമ്പർ സഭയുടെ സമയം വെറുതെ കളയുന്നു എന്നും തന്റെ ഉദ്ദേശത്തിനു തന്നെ ആ പ്രസംഗം കൊണ്ടു വലിയ ഉപയോഗം ഉണ്ടാകുന്നില്ലെന്നും കണ്ടാൽ ആ മെമ്പരുടെ പ്രസംഗം അവസാനിപ്പിക്കുവാൻ പെയറിനു് ആവശ്യപ്പെടാമെന്നു് മാന്വൽ ൧൫-ാം വകുപ്പിൻപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

**Mr. J. John Kattakayam**: ഇതുവരെ ഞാൻ ബില്ലിന്റെ ആമുഖംപോലും പറഞ്ഞു തീർന്നിട്ടില്ല. എനിക്കു് അതിനുള്ള സമയം അനുവദിച്ചു തരാതിരിക്കുന്നതുകൊണ്ടു് ഞാൻ എന്റെ പ്രസംഗം ഉപസംഹരിച്ചു കൊള്ളുന്നു.

**Mr. M. Govindan**: Sir, I rise to oppose the motion for the introduction of the Bill. This country has a population of nearly 51 lakhs. They form three classes, the Jenmis proper, the middle class which owns land, and the labouring class who actually cultivates the lands. Of these three classes, the first class is very limited in number. The second class embraces only a minority of the whole population. The last class comprises an overwhelming majority. About 60 per cent. of the total population can safely be predicted to be engaged in agriculture. Most of the lands cultivated by them belong either to the second class or to the first class of owners.

